# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 5**

---

## അന്തർ സംസ്ഥാന കുടിയേറ്റം; ദേശീയ സെമിനാർ ഇന്നു മുതൽ

*ഇന്ത്യയിലെ അന്തർ സംസ്ഥാന കുടിയേറ്റം;വെല്ലുവിളികളും അവസരങ്ങളും എന്ന വിഷയത്തിൽ ദ്വിദിന സെമിനാറിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഇന്ന്(ഡിസംബർ 6) തുടക്കം കുറിക്കും. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ രാവിലെ പത്തിന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും.*

*കുടിയേറ്റ പഠന വിദഗ്ദനും ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ്മെന്റ് ചെയർപേഴ്സണുമായ പ്രഫ എസ്. ഇരുദയ രാജൻ അധ്യക്ഷത വഹിക്കും. സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, കേരള ആസൂത്രണ ബോർഡ് അംഗം ഡോ. രവി രാമൻ, ഡൽഹി സർവകലാശാലയിലെ ഡോ. നസ്റിൻ ചൗധരി, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിലെ ഡോ സദാനന്ദ സാഹു, സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. കെ.ആർ. ബൈജു, പിബി. രതീഷ്, സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ആന്റ് ഇൻക്ലൂസീവ് ഗവേണൻസ് ചെയർ പേഴ്സൺ ഡോ. എം.വി. ബിജുലാൽ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാം ഇൻ സോഷ്യൽ സയൻസസ് ജോയിന്റ് ഡയറക്ടർ ഡോ. പി.പി. നൗഷാദ് എന്നിവർ സംസാരിക്കും.*

*ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആന്റ് ഡവലപ്മെന്റ്, സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ആന്റ് ഇൻക്ലൂസീവ് ഗവേണൻസ്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാം ഇൻ സോഷ്യൽ സയൻസസ് എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന സെമിനാറിൽ ഏഴു*

*സംസ്ഥാനങ്ങളിൽനിന്നുള്ള 67 പേർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.*
*(പി.ആർ.ഒ/39/1104/2024)*

## ഡോ. അംബേദ്കർ സ്മാരക പ്രഭാഷണം നടത്തി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിന്റെ അഭിമുഖ്യത്തിൽ ഡോ. അംബേദ്കർ സ്മാരക പ്രഭാഷണ പരിപാടി സംഘടിപ്പിച്ചു. അടിമത്തം; ഇന്ത്യൻ അനുഭവങ്ങൾ എന്ന വിഷയത്തിൽ ഡോ. സനൽ മോഹൻ പ്രഭാഷണം നടത്തി. യു.ജി.സി മുൻ ചെയർമാൻ പ്രഫ. സുഖ്ദേവ് തോറാട്ട് അധ്യക്ഷത വഹിച്ചു.*

*കെ.ആർ. നാരായണൻ ചെയർ കോ-ഓർഡിനേറ്റർ പ്രഫ. രാജേഷ് കോമത്ത്, ആർഎൽഎസ് സൗത്ത് ഏഷ്യ പ്രതിനിധി ഡോ. തൗഖീർ എ. സാബ്രി, ഡോ. ശിൽപ്പ സതീഷ് എന്നിവർ സംസാരിച്ചു.*

*ആർ.എൽ.എസ് സൗത്ത് ഏഷ്യയുടെയും ഹൈദരാബാദിലെ സെന്റർ ഫോർ ദളിത് സ്റ്റഡീസിന്റെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.*
*(പി.ആർ.ഒ/39/1105/2024)*

## സംവരണം ദളിത് സമൂഹത്തിൻറെ സ്ഥിതിയിൽ മാറ്റമുണ്ടാക്കിയില്ല-പ്രഫ. സുഖ്ദേവ് തോറാട്ട്

*പതിറ്റാണ്ടുകളായി സംവരണം നിലവിലുണ്ടെങ്കിലും രാജ്യത്തെ ദളിത് വിഭാഗങ്ങളുടെ സാമൂഹിക അവസ്ഥയിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ലെന്ന് യു.ജി.സി മുൻ ചെയർമാൻ പ്രഫ. സുഖ്ദേവ് തോറാട്ട് പറഞ്ഞു. എം.ജി സർവകലാശാലയിൽ ഡോ. കെ.മാത്യു കുര്യൻ സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.*

*ഭൂരഹിതർ, നിരക്ഷരർ, വിദ്യാഭ്യാസം ലഭ്യമല്ലാത്തവർ, സ്വകാര്യ മേഖലയിൽ പരിമതിമായ പ്രാതിനിധ്യം മാത്രമുള്ളവർ തുടങ്ങിവരുടെ ഗണത്തിൽ പട്ടിക വിഭാഗക്കാരാണ് ഏറെയുള്ളത്. എല്ലാ വികസന സൂചികകളിലും ഇവർ പിന്നിലാണ്. ഈ സാഹചര്യം അതിജീവിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പതിറ്റാണ്ടുകളായി നടക്കുന്നുണ്ടെങ്കിലും അസമത്വം തുടരുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.*

*ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ സംഘടിപ്പിച്ച പരിപാടിയിൽ കണ്ണൂർ സർവകലാശാല മുൻ വൈസ്*

*ചാൻസലർ മൈക്കിൾ തരകൻ അധ്യക്ഷത വഹിച്ചു.ഡോ. കെ.എം. സീതി, ഡോ. രാജേഷ് കോമത്ത് എന്നിവർ സംസാരിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ...*
*യു.ജി.സി മുൻ ചെയർമാൻ പ്രഫ. സുഖ്ദേവ് തോറാട്ട് എം.ജി സർവകലാശാലയിൽ ഡോ. കെ.മാത്യു കുര്യൻ സ്മാരക പ്രഭാഷണം  നടത്തുന്നു.*

*(പി.ആർ.ഒ/39/1106/2024)*

## രാജ്യാന്തര പോളിമെർ സയൻസ് കോൺഫറൻസ് സമാപിച്ചു

*എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജിയും ഖരഗ്പൂർ ഐ.ഐ.ടിയിലെ റബർ ടെക്നോളജി സെന്ററും സംയുക്തമായി സംഘടിപ്പിച്ച പോളിമെറ-2024 രാജ്യാന്തര പോളിമെർ സയൻസ് കോൺഫറൻസ് സമാപിച്ചു.*

*പോളിമറുകൾ സുരക്ഷിതവും സുസ്ഥിരവുമായ ഭാവിക്ക് എന്ന വിഷയത്തിൽ നടത്തിയ സമ്മേളനത്തിൽ  പോളിമർ സയൻസിലെ  ഏറ്റവും പുതിയ സാങ്കേതിക വിദ്യകളും ഗവേഷണ പുരോഗതികളും അവതരിപ്പിച്ചു.*

*സർവകലാശാലയുടെ മുൻ വൈസ് ചാൻസലറും സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി സ്ഥാപകനുമായ  പ്രൊഫ. സാബു തോമസ്, കോൺഫറൻസ് കൺവീനർ  ഡോ. എം.എസ്. ശ്രീകല, പ്രഫ. കിൻസുക് നാസ്കർ , പ്രഫ.  ജോസഫ് ഹാപ്പൂണിക്, ഡോ. അമിത് ദാസ്,  പ്രഫ. ഉപേന്ദ്ര നടരാജൻ, പ്രഫ. പ്രശാന്ത് രാഘവൻ, ഡോ. സിബി വർഗീസ്,  ഡോ. കുരുവിള ജോസഫ് , ഡോ. എം.എൻ. അജി, പ്രഫ. എം.ആർ. അനന്തരാമൻ,  പ്രഫ. സുശന്ത കുമാർ സാഹു , ഡോ. അനിൽ കുമാർ , ഡോ. അനൂപ് കെ ഘോഷ്,  ക്രിസ്റ്റഫ്, പ്രഫ. സോണി സി. ജോർജ്, കോ-ഓർഡിനേറ്റർമാരായ  ഡോ.പി. ഹരികൃഷ്ണൻ,  ഡോ. ലക്ഷ്മിപ്രിയ, ഡോ. ജയവാണി  തുടങ്ങിയവർ പങ്കെടുത്തു.  സമാപന ചടങ്ങിൽ മികച്ച അവതരങ്ങൾക്കുള്ള പുരസ്കാരങ്ങൾ സമ്മാനിച്ചു.*
*(പി.ആർ.ഒ/39/1107/2024)*

## സൗജന്യ തൊഴിൽ മേള 12ന്; 300ലധികം ഒഴിവുകൾ

*മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിന്റെ*

*ആഭിമുഖ്യത്തിൽ ഡിസംബർ 12ന് രാവിലെ 10 മുതൽ സൗജന്യ തൊഴിൽ മേള സംഘടിപ്പിക്കും.*

*വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ 300ലധികം ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി നടത്തുന്ന തൊഴിൽ മേളയിൽ എസ്.എസ്. എൽ.സി, പ്ലസ് ടു, ഐ.ടി.ഐ, ഡിപ്ലോമ, ബി.ടെക്, ഡിഗ്രി, പിജി എന്നിവയോ ഉന്നത യോഗ്യതകളോ ഉള്ളവർക്ക് പങ്കെടുക്കാം.*

*ഡിസംബർ 11ന് ഉച്ചയ്ക്ക് ഒന്നിനു മുൻപ്* bit.ly/ETTUMANOOR *എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾ* www.facebook.com/MCCKTM *എന്ന ലിങ്കിൽ. ഫോൺ- 0481-2731025, 9495628626*

*(പി.ആർ.ഒ/39/1108/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി (ബേസിക്ക് സയൻസ്-കെമിസ്ട്രി, ബേസിക്ക് സയൻസ സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്), ഇന്റഗ്രേറ്റഡ് എംഎ ലാംഗ്വേജസ്-ഇംഗ്ലീഷ് (2020 അഡ്മിഷൻ റെഗുലർ) പരീക്ഷകൾക്ക് ഡിസംബർ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 12 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 13 വരെയും അപേക്ഷ സ്വീകരിക്കും.*

*...............................*

*അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി(ബേസിക്ക് സയൻസ് ഫിസിക്സ്, ബേസിക്ക് സയൻസ്-കെമിസ്ട്രി, ബേസിക്ക് സയൻസ സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ്-ഡാറ്റാ സയൻസ്), ഇന്റഗ്രേറ്റഡ് എംഎ പ്രോഗ്രാം ലാംഗ്വേജസ്-ഇംഗ്ലീഷ്, (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020,2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് ഡിസംബർ 13 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 16 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 17 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1109/2024)*

## പരീക്ഷാ ഫലം

*രണ്ടാം സെമസ്റ്റർ എംഎ ഹിസ്റ്റോറിക്കൽ സ്റ്റഡീസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019, 2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*
*(പി.ആർ.ഒ/39/1110/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**